ഹദീസ്


തബ്സീം എടത്തനാട്ടുകര
tahbseem@gmail.com


# നേടിയെടുക്കേണ്ട കരുത്ത്

عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ، أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ : لَيْسَ الشَّدِيدُ بِالصُّرَعَةِ ، إِنَّمَا الشَّدِيدُ الَّذِي يَمْلِكُ نَفْسَهُ عِنْدَ الْغَضَبِ (متفق عليه)

**അബൂഹുറൈറ(റ)യിൽനിന്ന്. നബി (സ) പറഞ്ഞു: 'യുദ്ധത്തിൽ എതിരാളിയെ മലർത്തി അടിക്കുന്നവനല്ല യഥാർഥ കരുത്തൻ. കോപത്തെ നിയന്ത്രിക്കുന്നവനാണ് യഥാർഥ കരുത്തൻ' (ബുഖാരി, മുസ്‌ലിം).**

വിശ്വാസി തന്റെ ജീവിതത്തിൽ അടയാളപ്പെടുത്തേണ്ട പെരുമാറ്റ സംസ്കാരത്തെ പ്രകാശിപ്പിക്കുകയാണ് ഈ പ്രവാചകവചനം. കോപം അടക്കിപ്പിടിക്കുന്നത് സ്വർഗപ്രവേശത്തിന്റെ ഉപാധിയായി പരാമർശിക്കുന്നതുകൊണ്ട് കോപത്തെ നിയന്ത്രിക്കൽ വിശ്വാസിയുടെ ജീവിതത്തിൽ അനിവാര്യമാവുകയാണ്.

ഒരാൾ കടുത്ത പരിശീലനമുറകളിലൂടെ കടന്നുപോകുമ്പോഴേ യഥാർഥ പോരാളിയാവുകയുള്ളൂ. അതിനേക്കാൾ മികവുറ്റ പരിശീലന മുറകൾ മനസ്സിനെ പഠിപ്പിക്കേണ്ടിവരും, കോപം വരുമ്പോൾ അതിനെ നിയന്ത്രിക്കാൻ.

എനിക്ക് ദേഷ്യപ്പെടാതിരിക്കാൻ കഴിയില്ല, എന്റെ പ്രകൃതമതാണ് എന്നൊക്കെ പറഞ്ഞ് ക്ഷമയുടെ സംസ്കാരത്തിൽനിന്ന് ഒളിച്ചോടുന്നവർ കോപത്തെക്കുറിച്ച് ശരിയായ ഇസ്‌ലാമിക വായനകളിലേക്ക് എത്തിച്ചേർന്നിട്ടില്ലെന്ന് പറയേണ്ടിവരും.

കോപം മനുഷ്യപ്രകൃതിയുടെ ഭാഗമാണ്. അതുകൊണ്ടാണ് കോപം കടിച്ചമർത്താനും വിഴുങ്ങാനും അടക്കിപ്പിടിക്കാനും നമ്മോട് കൽപ്പിച്ചിരിക്കുന്നത്. വെള്ളം നിറച്ച തോൽപാത്രത്തിന്റെ വായ ഒട്ടും തുളുമ്പിപ്പോകാത്ത വണ്ണം കൂട്ടിക്കെട്ടുന്നതിനാണ് കള്ം(كظم) എന്ന് പറയുന്നത്. കോപമെന്ന വികാരം പരിധിവിട്ട് പുറത്തു ചാടാതെ നിയന്ത്രിക്കണമെന്നാണ് ഈ പ്രയോഗത്തിലൂടെ ഖുർആൻ (*ആലുഇംറാൻ* 134) പഠിപ്പിക്കുന്നത്.

കോപം പുറത്തു ചാടുമ്പോൾ വുദൂ എടുക്കാൻ പ്രവാചകൻ കൽപ്പിച്ചതായി ഇമാം അഹ്മദും അബൂദാവൂദും ഉദ്ധരിച്ച ഹദീസിൽ കാണാം. കോപം പുറത്തുചാടുന്നത് പൈശാചികമാണെന്നും പിശാച് അഗ്നിയിൽനിന്ന് സൃഷ്ടിക്കപ്പെട്ടവനായതിനാൽ അതിനെ ശമിപ്പിക്കേണ്ടത് വെള്ളം കൊണ്ടാണെന്നും അതിനാൽ കോപം അനിയന്ത്രിതമാവുമ്പോൾ വുദൂ ചെയ്യണമെന്നും ഹദീസിൽ പറയുന്നുണ്ട്. ഖുർആൻ വിശ്വാസികളുടെ ഗുണവിശേഷങ്ങൾ എടുത്തു പറഞ്ഞപ്പോൾ അതിൽ കോപിക്കാത്തവർ എന്ന വിശേഷണമില്ല. ഖുർആൻ കോപത്തെ പൂർണമായി നിരോധിക്കുന്നുമില്ല. നബി(സ)യോട് ഉപദേശങ്ങൾ ചോദിച്ച് വരുന്ന അധികമാളുകളോടും 'കോപിക്കരുത്' എന്ന് പറയാൻ കാരണം കോപപ്രകടനങ്ങൾ അവരുടെ ജീവിതത്തിന്റെ ഭാഗമായിരുന്നതിനാലും നിയന്ത്രിക്കപ്പെടേണ്ടതുള്ളതുകൊണ്ടുമാണ്.

വിട്ടുവീഴ്ചയുള്ള മനസ്സിന് ഉടമയാവുക എന്നതു തന്നെയാണ് കോപം നിയന്ത്രിക്കാനുള്ള വഴി. തന്നേക്കാൾ പദവിയിൽ താഴെ ഉള്ളവരോട് തർക്കിക്കാൻ മതിയായ ന്യായമുണ്ടായിട്ടും ഞാൻ താഴ്ന്നു കൊടുത്തല്ലോ എന്ന സങ്കുചിത ചിന്തയല്ല, കോപമടക്കി അല്ലാഹു പറഞ്ഞതു പ്രകാരം ഞാൻ കരുത്തനായിത്തീർന്നല്ലോ എന്ന ഉയർന്ന ചിന്തയാണ് ഉണ്ടാവേണ്ടത്. ഇബ്നുജരീറും ഇബ്നുൽ മുൻദിറും ഉദ്ധരിക്കുന്ന ഒരു ഹദീസിൽ ഇങ്ങനെ കാണാം: 'ഒരുവൻ പകവീട്ടാൻ കഴിവുണ്ടായിട്ടും തന്റെ രോഷം വിഴുങ്ങിയാൽ അല്ലാഹു അവനിൽ സമാധാനവും ഈമാനും നിറക്കുന്നു.' അല്ലാഹുവിൽനിന്ന് ലഭിക്കുന്ന സമാധാനത്തേക്കാൾ വലിയ എന്ത് സമ്മാനമാണുള്ളത്!

അല്ലാഹുവെക്കുറിച്ച് ആലോചിച്ചുനോക്കൂ. മനുഷ്യൻ ചെയ്തുകൂട്ടുന്ന തെറ്റുകൾക്കൊക്കെ അവൻ കോപിക്കുകയും ശിക്ഷിക്കുകയും ചെയ്താൽ നമ്മുടെയെല്ലാം അവസ്ഥ എന്തുമാത്രം ദയനീയമായിരിക്കും! മണലിൽ പതിഞ്ഞ കാൽപ്പാടുകളെ കാറ്റുവന്ന് മായ്ച്ചുകളയുന്നതു പോലെ തന്റെ അടിമയുടെ തെറ്റുകൾ അല്ലാഹു മായ്ച്ചുകളയുകയാണ്. ഈ ഗുണം ജീവിതത്തിൽ കൊണ്ടുവരാതിരിക്കുന്നതും ദയയുടെയും വിട്ടുവീഴ്ചയുടെയും വിശാല മനസ്സ് സമസൃഷ്ടികളിലേക്ക് പ്രസരിപ്പിക്കാതിരിക്കുന്നതും അല്ലാഹുവിന്റെ അടിയാറുകൾക്ക് ഒട്ടും യോജിച്ചതല്ല.

ഉഹുദ് യുദ്ധ പശ്ചാത്തലത്തിൽ

നബി(സ)ക്കുണ്ടായ കോപത്തെ കുറിച്ച സൂചന *ആലുഇം റാൻ* അധ്യായത്തിൽ (134-ാം സൂക്തം) ഉണ്ട്.

അബൂസുഫ്യാന്റെ ഭാര്യ ഹിന്ദ് തന്റെ പിതൃസഹോദരൻ ഹംസ(റ)യുടെ നെഞ്ചു കീറി കരളെടുത്ത് ചവച്ചു തുപ്പിയപ്പോൾ രോഷാകുലനായ പ്രവാചകനോട് ഈ വിധത്തിലുള്ള രോഷപ്രകടനം ദൈവഭക്തർക്ക് ഭൂഷണമല്ലെന്നു പറയുമ്പോൾ, നമ്മൾ കോപിക്കാൻ കണ്ടെത്തുന്ന ന്യായങ്ങൾ എത്രത്തോളം നിസ്സാരമാണെന്ന് നോക്കൂ!

കോപം പ്രകടമാകുന്നത് സംസാരത്തിലാണ്. സംസാരം വ്യക്തിത്വത്തിന്റെ പ്രകാശനമാണ്. ഞാൻ ആരാണെന്ന് എന്റെ സാംസാരം പറഞ്ഞുതരും. ചില മനുഷ്യരെ നമുക്ക് അനുഭവിക്കാൻ കഴിയും; സുഗന്ധമുള്ള പൂവിനെ എത്ര ഞെരിച്ച് അമർത്തിയാലും അത് നൽകുന്ന സുഗന്ധത്തെ അനുഭവിക്കാൻ കഴിയുന്നതു പോലെ.

ഇമാം ഹുസൈന്(റ) നമസ്കാരത്തിനു വുദൂ ചെയ്യാനായി അദ്ദേഹത്തിന്റെ ദാസി കിണ്ടിയിൽ വെള്ളം ഒഴിച്ചുകൊടുക്കുകയായിരുന്നു. അബദ്ധത്തിൽ ദാസിയുടെ കൈയിൽനിന്ന് കിണ്ടി വീണുപോയി. അത് അദ്ദേഹത്തിന്റെ കൈയിൽ തട്ടി മുറിവേറ്റു. അദ്ദേഹം അവളുടെ നേരെ നോക്കിയപ്പോൾ അവൾ പറഞ്ഞു: 'അല്ലാഹു പറയുന്നുണ്ട്: *വൽ കാളിമീനൽ ഗൈള.*' അദ്ദേഹം പ്രതിവചിച്ചു: 'ഞാനെന്റെ കോപം വിഴുങ്ങിയിരിക്കുന്നു.' അവൾ പറഞ്ഞു: 'വൽ ആഫീന അനിന്നാസി.' അദ്ദേഹത്തിന്റെ മറുപടി: 'അല്ലാഹു നിന്നോട് ക്ഷമിക്കട്ടെ.' അവൾ പറഞ്ഞു: 'വല്ലാഹു യുഹിബ്ബുൽ മുഹ്സിനീൻ.' അദ്ദേഹത്തിന്റെ പ്രതിവചനം: 'നീ പൊയ്ക്കൊള്ളുക. അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി ഞാൻ നിന്നെ സ്വതന്ത്രയാക്കിയിരിക്കുന്നു.'

അനിയന്ത്രിതമായ കോപം നമ്മുടെ ബന്ധങ്ങളിലുണ്ടാക്കുന്ന വിള്ളലുകൾ ചെറുതല്ല. മോശപ്പെട്ട ഒരു വാക്കായിരിക്കും തിരിച്ചെടുക്കാൻ പറ്റാത്ത വിധം മനുഷ്യരെ പരസ്പരം അകറ്റിക്കളയുന്നത്. എന്റെ നാവിനെ ആ വാക്ക് ഉച്ചരിക്കുന്നതിൽനിന്ന് തടഞ്ഞിരുന്നെങ്കിൽ എന്ന് ആഗ്രഹിച്ചുപോയ സന്ദർഭങ്ങൾ നമുക്കുണ്ടായിട്ടില്ലേ? ആ നിയന്ത്രണത്തിനുള്ള കരുത്താണ് നാം നേടിയെടുക്കേണ്ടത് എന്ന് പഠിപ്പിക്കുകയാണ് ഈ നബിവചനം. ●